**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2651          14.02.2013-ൽ മറുപടിയ്ക്ക്

**<u>ഡ്രഗ്ഗ് ടെസ്റ്റിംഗ് യൂണിറ്റുകൾ</u>**

<u>ചോദ്യം</u>          <u>മറുപടി</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് എത്ര ഡ്രഗ്ഗ് ടെസ്റ്റിംഗ് യൂണിറ്റുകളാണുള്ളത് എന്നറിയിക്കുമോ; | (എ) സംസ്ഥാനത്ത് ഇപ്പോൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബാണ് ഉള്ളത്. എറണാകുളത്ത് പുതിയ ലാബിന്റെ പണി പൂർത്തിയായി വരുന്നു. |
| (ബി)പ്രതിവർഷം എത്ര സാമ്പിളുകൾ ഇവിടെ പരിശോധനയ്ക്ക് എത്തുന്നുണ്ട്; | (ബി)പ്രതിവർഷം ശരാശരി 4000 ത്തോളം സാമ്പിളുകൾ ഇവിടെ പരിശോധിച്ച് വരുന്നു. |
| (സി)വിപണിയിലെത്തുന്ന മരുന്നുകളിൽ എത്ര ശതമാനം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി)മരുന്നുകൾ വിപണിയിൽ എത്തിക്കുന്ന കമ്പനികൾ തന്നെ ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഈ മരുന്നുകളുടെ റാൻഡം സാമ്പിളുകൾ പരിശോധനയ്ക്കായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ എ ടുക്കുന്നുണ്ട്. മരുന്നുകൾ എത്ര ശതമാനം പരിശോധനയ്ക്ക് എടുക്കണം എന്ന് നിയമത്തിൽ പറയുന്നില്ല. |
| (ഡി)എത്ര ശതമാനം ഇപ്പോൾ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട് എന്ന് അറിയിക്കുമോ? | (ഡി)ഇപ്പോൾ 2% താഴെ മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. എറണാകുളത്ത് പുതിയ ലാബ് പ്രവർത്തനക്ഷമമാകുമ്പോൾ കൂടുതൽ മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ